DESPATCHED
On..23/01/2020
13.1.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **AP 526(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.2116/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. കെ. ഉണ്ണി,
നീറേപ്പുറം ഹൗസ്,
ചാലിയം പി.ഒ.,
കോഴിക്കോട് – 673 301. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം, ബി1 ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, മലപ്പുറം – 676 505.
2. അപ്പീൽ അധികാരി & അസിസ്റ്റന്റ് എഡ്യുക്കേഷണൽ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 25.11.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.12.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 2.1.2018 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 2.2.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 1.3.2018 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 5.3.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28.12.2019 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 6.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 9.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരായി. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. ഉണ്ണി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എം.എം.ഇ.റ്റി ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഹർജിക്കാരനെ അറിയിക്കാമെന്ന് അറിയിച്ചുവെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ

അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ടിയാന്റെ ഭാഗം കേൾക്കാതെയാണ് അപ്പീൽ തീർപ്പാക്കിയത് എന്നും ടിയാന്റെ അപേക്ഷയിലെ 2 എ, 2ബി, 3എ, 3ബി എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. 2017–18 ലെ മലപ്പുറം ഉപജില്ലാ ശാസ്ത്ര മേളയിലെ തത്സമയ മത്സരങ്ങൾ നിയന്ത്രിക്കുവാൻ ആകെ എത്ര ജഡ്ജ്മാർ ഉണ്ടായിരുന്നു എന്നും ഒരാൾക്ക് എത്ര രൂപ വച്ച് വേതനം നൽകി എന്നും

ii. 2017–18 ലെ മലപ്പുറം ഉപജില്ലാ ശാസ്ത്ര മേളയിലെ തത്സമയ മത്സരങ്ങളായ ഇലക്ട്രിക്കൽ വയറിംഗ് (എച്ച്.എസ്., എച്ച്.,എസ്.എസ്.), ഇലക്ട്രോണിക്സ് (എച്ച്.എസ്., എച്ച്.,എസ്.എസ്.) എന്നീ ടെക്നിക്കൽ വിഭാഗങ്ങളിൽ വിധി കർത്താക്കളായി വന്ന ജഡ്ജ്മാരുടെ പേരുകൾ നൽകണമെന്നും അവരുടെ ടെക്നിക്കൽ യോഗ്യത എന്താണെന്നും, അവരുടെ ടെക്നിക്കൽ പരിചയം എത്ര വർഷമാണെന്നും മറ്റുമായി 3 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, മലപ്പുറം ഉപജില്ല ശാസ്ത്ര മേളയുടെ ജനറൽ കൺവീനർ മേൽമുറി എം.എം.ഇ.റ്റി. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ആയിരുന്നു എന്നും ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ട് ടിയാന് കത്ത് നൽകിയിട്ടുണ്ടെന്നും വിവരങ്ങൾ ലഭിച്ചാൽ ഉടൻ മറുപടി നൽകുന്നതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്. ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി പ്രകാരം ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ നൽകിയതായി കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 2എ ഇനത്തിൽ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് പ്രജീഷ്, സുകേഷ് എന്നിവരുടെ യോഗ്യതയും ടെക്നിക്കൽ പരിചയവും സംബന്ധിച്ച വിവരങ്ങളും നൽകിയിട്ടുള്ളതായി കാണുന്നു. 3എ ഇനത്തിൽ ആവശ്യപ്പെട്ട പകർപ്പിന് 12/- രൂപ ഫീസ് ഒടുക്കാൻ നിർദ്ദേശിച്ചതായും കാണുന്നു.

3. കമ്മീഷൻ മുമ്പാകെ ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശാസ്ത്രമേളകൾ നടത്തുന്നത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് നേരിട്ട് അല്ലെന്നും ശാസ്ത്രമേള നടക്കുന്ന സ്കൂൾ പ്രിൻസിപ്പാൾ ജനറൽ കൺവീനറും, സ്കൂൾ പ്രധാന അധ്യാപകൻ ജോയിന്റ് കൺവീനറും വിവിധ ഉപജില്ല ക്ലബ് സെക്രട്ടറിമാർ കൺവീനറും ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ട്രഷററും മറ്റ് ജന പ്രതിനിധികളും ഉൾപ്പെട്ട ഒരു കമ്മിറ്റിയാണെന്നും, 2017–18 ലെ ശാസ്ത്രമേള നടന്നത് എം.എം.ഇ.റ്റി. ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് ആയിരുന്നു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പ്രോഗ്രാം കൺവീനർ ആയിരുന്ന എം.എം.ഇ.റ്റി. ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പാളിന്റെ കസ്റ്റഡിയിൽ

ആയിരുന്നു എന്നും ഹർജിക്കാരൻ അപേക്ഷ നൽകിയതിനെ തുടർന്ന് എ.എം.ഇ.റ്റി ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാളിനോട് മേൽപ്പടി വിവരങ്ങൾ ലഭ്യമാക്കുവാൻ അറിയിച്ചുവെങ്കിലും ആയതു പ്രകാരം മറുപടി ഒന്നും നൽകിയില്ലെന്നും തുടർന്ന് ഹർജിക്കാരൻ അപ്പീൽ സമർപ്പിച്ചു എന്നും ആയതു പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളതാണെന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, 2017–18 ലെ മലപ്പുറം ഉപജില്ല ശാസ്ത്രമേളയിൽ ജഡ്ജസ് ആയി വന്നവരുടെ എക്സ്പീരിയൻസ് സംബന്ധിച്ച് നൽകിയിരിക്കുന്ന വിവരങ്ങൾ കളവാണെന്നും ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് ബോദ്ധ്യമായിട്ടുണ്ടെന്നും 3എ ഇനത്തിൽ ആവശ്യപ്പെട്ട പകർപ്പുകൾ സമയബന്ധിതമായി ലഭിക്കാത്തതിനാൽ ആയത് സൗജന്യമായി ലഭിക്കാനുള്ള അർഹത ടിയാനുണ്ടെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമായിരുന്നില്ലെന്ന് ഒന്നാം എതിർകക്ഷി പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നു. അത്തരം സാചര്യത്തിൽ മേൽപ്പടി വിവരങ്ങൾ ലഭ്യമായിരുന്ന എം.എം.ഇ.റ്റി. ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പാളിന് ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം അയച്ചു കൊടുത്ത് മേൽപ്പടി വിവരങ്ങൾ ഹർജിക്കാരന് നേരിട്ട് ലഭ്യമാക്കുവാൻ എം.എം.ഇ.റ്റി. ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പാളിനോട് നിർദ്ദേശിക്കേണ്ടതായിരുന്നു. ആയതിനു പകരം മേൽപ്പടി സ്കൂളിൽ നിന്നും വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആയത് നൽകുന്നതാണെന്നു ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത് നിയമാനുസൃതമായിരുന്നില്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു. മേൽ പ്രസ്താവിച്ച പ്രകാരമുള്ള വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ട താണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. ഹർജിക്കാരന്റെ അപേക്ഷയിലെ 2എ, 2ബി എന്നീ ഇനങ്ങൾ സംബന്ധിച്ച് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ബന്ധപ്പെട്ട ജഡ്ജസിന്റെ പ്രവൃത്തി പരിചയം സംബന്ധിച്ച് നൽകിയിട്ടുള്ള വിവരങ്ങൾ കളവാണെന്നാണ്. ഇക്കാര്യത്തിൽ വിവരാവകാശ നിയമ പ്രകാരം പരിശോധന നടത്തി മറ്റു നടപടികൾ സ്വീകരിക്കുവാൻ കമ്മീഷന് നിർവ്വാഹമില്ല. എന്നാൽ ബന്ധപ്പെട്ടവർ തെറ്റായ പ്രവൃത്തി പരിചയം സംബന്ധിച്ച വിവരങ്ങളാണ് ബന്ധപ്പെട്ട അധികാരികൾ മുമ്പാകെ ഹാജരാക്കിയിട്ടുള്ളതെങ്കിൽ ആയത് ചൂണ്ടിക്കാട്ടി ഹർജിക്കാരന് ഡി.പി.ഐ മുമ്പാകെ പരാതി നൽകി മറ്റു നടപടി

സ്വീകരിക്കാവുന്നതാണ്. ഹർജിക്കാരന്റെ അപേക്ഷയിലെ 3എ ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ട്. കാരണം ഫീസൊടുക്കേണ്ടതു സംബന്ധിച്ച അറിയിപ്പ് അപേക്ഷ നൽകി നിശ്ചിത സമയപരിധിക്കുള്ളിൽ ഹർജിക്കാരന് ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ മേൽപ്പടി ഇനത്തിൽ ആവശ്യപ്പെട്ട പകർപ്പുകൾ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം ഹർജിക്കാരന് സൗജന്യമായി അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 13–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk